**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1591** **04.12.2018 ലെ മറുപടിക്ക്**

<u>നാളികേര കൃഷി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി.അനിൽ കുമാർ<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) സുസ്ഥിര നാളികേര കൃഷിക്കും നാളികേരത്തിൽ നിന്നു പരമാവധി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന്റെ ഭാഗവുമായി നാളികേര മിഷൻ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക,സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പ് വരുത്തുക, മൂല്യവർദ്ധിത ഉല്പ്പന്നങ്ങളുടെ ഉല്പാദനവും വിപണനവും ഉറപ്പ് വരുത്തി കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി സംസ്ഥാന തല ജനറൽ കൗൺസിൽ,എക്സിക്യൂട്ടീവ് കമ്മിറ്റി, ജില്ലാതല കൗൺസിൽ എന്നീ ഘടനയിൽ 21.11.2018 തീയതിയിലെ സ.ഉ.(കൈ) നം.138/2018/കൃഷി പ്രകാരം **നാളികേര വികസന കൗൺസിൽ(Coconut Development Council)** രൂപീകരിച്ചിട്ടുണ്ട്. |
| (ബി) നിലവിൽ സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്താണ് നാളികേര കൃഷി ഉള്ളത്; ആയത് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) സംസ്ഥാനത്തെ നാളികേര കൃഷിയുടെ വിസ്തൃതി നിലവിൽ 7.81 ലക്ഷം ഹെക്ടറാണ്. ഇതിൽ നിന്നും 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.ഓരോ വർഷവും 15 ലക്ഷം എന്ന കണക്കിൽ അത്യുൽപ്പാദനശേഷിയുള്ള നല്ലയിനം തെങ്ങിൻതൈകൾ കൃഷിവകുപ്പ്, കാർഷിക |

| | |
|---|---|
| | സർവ്വകലാശ്ശാല, കോക്കനട്ട് ഡവലപ്മെന്റ് ബോർഡ്, CPCRI എന്നീ സ്ഥാപനങ്ങളിൽ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും മുൻപന്തിയിലായിരുന്ന സംസ്ഥാനം വളരെ പിന്നോട്ട് പോയത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) രോഗകീടബാധ, ശാസ്ത്രീയ കൃഷിമുറകൾ അവലംബിക്കുന്നതിനുള്ള വൈമുഖ്യം, തൊഴിലാളികളുടെ ദൗർലഭ്യം, ഉയർന്ന കൂലിച്ചെലവ്, വിപണനത്തിനുള്ള പ്രയാസങ്ങൾ, വിലയിടിവ് വിലസ്ഥിരതയില്ലായ്മ, മൂല്യവർദ്ധനയിലെ അപര്യാപ്തത തുടങ്ങിയവയാണ് ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറയുവാനുള്ള കാരണങ്ങൾ. |
| ഡി) ഉണ്ടെങ്കിൽ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (ഡി).നാളീകേര കൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുക, രോഗം ബാധിച്ചതും പ്രായാധിക്യം മൂലം ഉൽപ്പാദനം കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി പകരം അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ നടുക വിവിധ നാളീകേര ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് അത്യുൽപ്പാദന ശേഷിയുള്ള തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുക തുടങ്ങിയ ശ്രമങ്ങൾ തുടരും. |

ഡെപ്യൂട്ടി സെക്രട്ടറി